സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും പെൻഷൻകാർക്കും 2021–2022 ലെ ബോണസ്/പ്രത്യേക ഉത്സവബത്ത, ജീവനക്കാരുടെ 2022 ലെ ഓണം അഡ്വാൻസ് എന്നിവ അനുവദിച്ച സംഗതി – കൂട്ടിച്ചേർക്കൽ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ഉത്തരവ് നമ്പർ: ROC 8408/2022/Est-I നന്തൻകോട്, 05/09/2022

---

പരാമർശം :– 1) 20.08.2020 ലെ ROC 7532/20/Est-1 നമ്പർ ഉത്തരവ്

2) 02.09.2022, 03.09.2022 എന്നീ തീയതികളിലെ മേൽ നമ്പർ ഉത്തരവ്.

3) ആശ്രിത നിയമന ലിസ്റ്റിൽ നിന്നും താൽക്കാലികമായി ജോലി നോക്കി വരുന്ന ജീവനക്കാരുടെ 03.09.2022–ലെ അപേക്ഷ

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും പെൻഷൻകാർക്കും 2021–22–ലെ ബോണസ്/പ്രത്യേക ഉത്സവബത്ത ജീവനക്കാർക്ക് 2022 ലെ ഓണം അഡ്വാൻസ് എന്നിവ അനുവദിച്ചിരുന്ന പരാമർശം 2 ബോർഡ് ഉത്തരവിൽ പരാമർശം 3 അപേക്ഷ പരിഗണിച്ചും പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിലും ചുവടെ വിവരിക്കുന്ന **കൂട്ടിച്ചേർക്കൽ വരുത്തി ബോർഡ് ഉത്തരവാകുന്നു.**

1. ആശ്രിത നിയമന ലിസ്റ്റിൽ നിന്നും താത്ക്കാലികമായി പ്യൂൺ തസ്തികയിൽ നിയമിച്ചിരുന്നതും ഒഴിവിന്റെ അഭാവത്തൽ ജോലിയിൽ നിന്നും വിടുതൽ നൽകിയിരുന്നതും തുടർന്ന് വന്ന ഒഴിവിലേയ്ക്ക് താത്ക്കാലികമായി തിരികെ പ്രവേശിപ്പിച്ചതുമായ ജീവനക്കാർക്ക് 2750/– രൂപ പ്രത്യേക ഉത്സവ ബത്ത അനുവദിക്കുന്നു.
2. ഫുൾടൈം കാരാണ്മ ജീവനക്കാർക്ക് 10,000/– രൂപയും പാർട്ട് ടൈം കാരാണ്മ ജീവനക്കാർക്ക് 5000/– രൂപയും ഓണം അഡ്വാൻസ് അനുവദിക്കുന്നു. പ്രസ്തുത തുക 5 തുല്യ ഗഡുക്കളായി 10/2022 ലെ ശമ്പളം മുതൽ ഈടാക്കേണ്ടതാണ്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി**

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും ഐ. ടി. വിഭാഗം
2. ഇ.ഡി.പി. സെക്ഷൻ
3. മിനിറ്റ്സ് സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി